<u>പതിമൂന്നാം കേരള നിയമസഭ</u>

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2640 20/06/2013 ൽ മറുപടിക്ക്

# സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് സ്വകാര്യ കമ്പനികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.എസ്.സുനിൽ കുമാർ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നത് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) ബി) സി) ഡി) & ഇ) | സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1-8 വരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺ-കുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് രണ്ട് ജോഡി യൂണിഫോം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. യൂണി-ഫോം വിതരണം ചെയ്യാൻ ഒരു ഏജൻ-സിയെയും ചുമതലപ്പെടുത്തിയിട്ടില്ല. യൂണിഫോം വിതരണം അവയുടെ ഗുണമേന്മ മുതലായവ തീരുമാനിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായി നിയോഗിച്ച കമ്മിറ്റി യുടെ തീരുമാനത്തിനനുസൃതമായി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) നിലവിൽ പരാതികളില്ലാതെ പി.ടി.എ.കൾ നടത്തി വരുന്ന യൂണിഫോം വിതരണം സ്വകാര്യ കമ്പനികൾക്ക് നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| സി) സംസ്ഥാന വ്യാപകമായി നടപ്പാക്കുന്ന പദ്ധതി സ്വകാര്യ കമ്പനികൾക്ക് നൽകുന്നത് പ്രായോഗികമായി പ്രയാസം സൃഷ്ടിക്കുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) ഇതുമൂലം യൂണിഫോം വിതരണം സമയബന്ധിതമായി പൂർത്തിയാക്കാനാകില്ലെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| ഇ) മുൻകാലങ്ങളിലെ പോലെ സ്കൂൾ പി.ടി.എ.കൾ നടത്തിവരുന്ന യൂണിഫോം വിതരണം തുടരുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ